# DIOCESE OF MANDYA

Bishop's House, Kalenahalli P. O, Mandya
Karnataka State, India 571 402
Email: antonykariyilcmi@gmail.com


# ഇടയലേഖനം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, സഹോദരി സഹോദരന്മാരേ, കുഞ്ഞുമക്കളേ,

കരുണയുടെ അസാധാരണ ജൂബിലിവർഷത്തിൽ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ആഗോള കത്തോലിക്കാ സഭയ്ക്കു നൽകുന്ന ദൈവവിളി സന്ദേശത്തിലെ രണ്ടു പ്രധാന ചിന്തകൾ നമ്മുക്ക് ധ്യാനവിഷയമാക്കാം.

ക്രൈസ്തവ ദൈവവിളി ദൈവജനത്തിൽ നിന്നുമാണ് ജനിക്കുന്നതെന്നും അത് ദൈവിക കാരുണ്യത്തിന്റെ ഒരു ദാനമാണെന്നും സകലരും തിരിച്ചറിയണമെന്ന് പിതാവ് പ്രത്യാശിക്കുന്നു. വിശുദ്ധ മത്തായിയെ തിരഞ്ഞെടുത്തതുപോലെ കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ കരുണാർദ്രമായ പ്രവർത്തനമാണ് പാപങ്ങൾ ക്ഷമിച്ച് ശിഷ്യത്വത്തിലേക്കും പ്രേഷിതത്വത്തിലേക്കും നമുക്ക് വാതിൽ തുറക്കുന്നത്. അതുകൊണ്ടു തന്നെ പിതാവ് നിസ്സംശയം വ്യക്തമാക്കുന്നു, സഭയിലെ ഓരോ ദൈവവിളിയുടെയും ഉൽപത്തി യേശുവിന്റെ അനുകമ്പ നിറഞ്ഞ കടാക്ഷത്തിലാണ്. കരുണാർദ്ര കടാക്ഷം ഒരു വ്യക്തിയെ വിളിക്കുന്നത് സഭയുടെ കൂട്ടായ്മയിലേക്കാണ്. സഭയിൽ ജനിച്ച് പക്വത പ്രാപിക്കുന്ന ഈ വിളി ഒരു കൂട്ടുവിളിയാണ്. ഒരാളും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായോ, സഭാത്മക പ്രസ്ഥാനത്തിനായോ മാത്രം വിളിക്കപ്പെടുന്നില്ല. മറിച്ച് തിരുസഭയ്ക്കും ലോകത്തിനും വേണ്ടിയാണ് വിളിക്കപ്പെടുന്നത്. കർത്താവിന് തന്റെ ജീവിതം സമർപ്പിച്ച ഒരാൾ സഭയ്ക്ക് ആവശ്യമുള്ളിടത്തെല്ലാം അവിടുത്തെ ശുശ്രൂഷിക്കാൻ തയ്യാറാകണം എന്ന് പൗലോസിന്റെയും ബർണ്ണബാസിന്റെയും വിളികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധപിതാവ് പ്രഖ്യാപിച്ചു.

ഈ ദൗത്യം മനസ്സിലാക്കാൻ പരിശുദ്ധപിതാവ് എല്ലാ വിശ്വാസികളേയും ഉത്ബോധിപ്പിക്കുന്നു. അതുകൊണ്ട് തന്നെ നമ്മുടെ കുടുംബങ്ങളിൽ നമ്മുടെ മക്കളുടെ ദൈവവിളിയെ പ്രോൽസാഹിപ്പിക്കേണ്ടതും ദൈവവിളി സ്വീകരിച്ച് സഭാസേവനത്തിനായി പോയിരിക്കുന്ന നമ്മുടെ സഹോദരിസഹോദരങ്ങളെ താങ്ങി നിറുത്തേണ്ടതും അവർക്ക് ധൈര്യം നൽകേണ്ടതും നമ്മുടെ കടമയും ദൗത്യവുമാണ്. ദൈവം വിളിക്കുന്ന സേവന മേഖലകളിലേക്കും പ്രദേശങ്ങളിലേക്കും നമ്മുടെ രൂപതാ പ്രവർത്തന മണ്ഡലങ്ങളിലേക്കും ഇറങ്ങി പുറപ്പെടാൻ നമ്മുടെ കുടുംബത്തിൽ നിന്നും നമ്മുടെ മക്കളെ നാം സജ്ജരാക്കുകയും ശക്തരാക്കുകയും വേണമെന്ന് ഞാൻ നിങ്ങളെ ഉത്ബോധിപ്പിക്കുന്നു.പത്ത് മിഷൻ ജില്ലകൾ ഉൾക്കൊള്ളുന്ന നമ്മുടെ രൂപത മിഷൻ പ്രവർത്തനത്തിനായി ധാരാളം വൈദികർക്കും സന്ന്യസ്തർക്കും വേണ്ടി ദാഹിച്ച് നിൽക്കുന്ന ഒരു വിളഭൂമിയാണ്. ഏഴു വൈദികരാണ് ഇതുവരെ രൂപതയ്ക്ക് സ്വന്തമായിട്ടുള്ളത്. നമ്മുടെ മിഷൻ സ്ഥലങ്ങളിലും ഇടവകകളിലും ജോലി ചെയ്യുന്നത് വ്യത്യസ്ത സന്ന്യാസസഭകളിൽ നിന്നും രൂപതകളിൽ നിന്നുമുള്ള വൈദികരാണെന്ന് നിങ്ങളെ ഞാൻ ഓർമ്മപ്പെടുത്തുന്നു. സന്ന്യാസസഭകളിൽ നിന്നുള്ള സിസ്റ്റേഴ്സും നമ്മുടെ മിഷൻ പ്രദേശങ്ങളിലും ഇടവകകളിലും സേവനം ചെയ്യുന്നു. അവരുടെ നിസ്തുലമായ തീക്ഷണതയേറിയ സേവനങ്ങളെ ഞാൻ അനുമോദിക്കുന്നു. നമുക്കു സ്വന്തമായൊരു സെമിനാരി ഇല്ലാത്തതിനാൽ നമ്മുടെ രൂപതയിലെ 26 വൈദികവിദ്യാർത്ഥികൾ മറ്റു പല സെമിനാരികളിലായി വൈദികപരിശീലനം നടത്തുന്നു. ഇവരുടെ പരിശീലനത്തിനായി ഭാരിച്ച ഒരു സാമ്പത്തിക ബാധ്യതയാണ് എല്ലാ വർഷവും നാം ഏറ്റെടുക്കുക. ഒരു വർഷം ഒരു വൈദീകവിദ്യാർത്ഥിക്കായി ഏകദേശം 40,000 രൂപയാണ് പഠനചിലവ് വരിക. നമ്മുടെ രൂപതയിലെ എല്ലാ

ഇടവകകളും ഓരോ വൈദികവിദ്യാർത്ഥിയെ എങ്കിലും Sponsor ചെയ്യാൻ ശ്രമിക്കണം. സാമ്പത്തികമായി ഉയർന്ന ഇടവകകൾ ഒന്നിൽ കൂടുതൽ വിദ്യാർത്ഥികളെ Sponsor ചെയ്യാൻ തയ്യാറാകണം. അതുപോലെ തന്നെ ഈ ആവശ്യത്തിനായി കുടുംബങ്ങൾക്കും സഹായിക്കുവാൻ സാധിക്കും. ഒരു പക്ഷെ നിങ്ങളുടെ കുടുംബങ്ങളിൽ നിന്ന് വൈദീകരാകുവാൻ സ്വന്തം മക്കളെ വിടാനില്ലായിരിക്കും എന്നാലും നിങ്ങളുടെ കുടുംബത്തിന് ഒരു വൈദീകവിദ്യാർത്ഥിയെ Sponsor ചെയ്ത് പഠിപ്പിക്കാൻ സാധിക്കും. ഇതിലേക്ക് സഹായഹസ്തങ്ങളുമായി വരുന്ന വ്യക്തികളേയും ഇടവകകളേയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ ചിന്തിച്ചുനോക്കിയാൽ ഈ പുരോഹിതരും സന്ന്യസ്തരും എവിടെ നിന്നാണ് ഇറങ്ങി വന്നത്? അവർ നമ്മുടെ കുടുംബങ്ങളിൽ നിന്നു തന്നെയാണ്. പഠിച്ചും പ്രാർത്ഥിച്ചും ഒരുപാട് ചിന്തിച്ചും പിന്നെയും ചിലതൊക്കെ ബാക്കി നിൽക്കുകയാണെങ്കിൽ അറിയുക, അത് നിങ്ങളിൽ നിന്നുള്ളവതന്നെയാണ്. ഓരോ കുടുംബവും ദൈവവിളി വ്യക്തിത്വങ്ങളെ മഹത്വപ്പെടുത്തുന്ന മൂല്യങ്ങളെ വാർത്തെടുക്കുന്ന തൊട്ടിലുകളായി മാറ്റപ്പെടേണ്ടതുണ്ട്.

പ്രിയമുള്ളവരേ, സ്നേഹത്തിന്റേയും പ്രോൽസാഹനത്തിന്റേയും അംഗീകാരത്തിന്റേയും വഴികളിൽ പുരോഹിതരേയും സന്ന്യസ്തരേയും വൈദികാർത്ഥികളേയും നിങ്ങൾ ഹൃദയത്തോടു ചേർത്ത് നിർത്തുമ്പോൾ നാം ദൈവവിളി പ്രോൽസാഹിപ്പിക്കുകയാണ്. നമ്മുടെ കുടുംബങ്ങളിൽ വരുന്ന പുരോഹിതരെയും സന്ന്യസ്തരെയും വൈദികാർത്ഥികളെയും നാം സ്നേഹത്തോടെ സ്വീകരിക്കുമ്പോൾ നമ്മൾ പ്രോത്സാഹിപ്പിക്കുന്നത് ക്രിസ്തുവിന്റെ സുവിശേഷത്തെയും ദൈവവിളിയേയുമാണ്. നമ്മുടെ കുടുംബങ്ങളിലും, ഇടവകയിലും, സമൂഹങ്ങളിലും, രൂപതയിലും ദൈവവിളി പ്രോൽസാഹിപ്പിച്ചും അവരെ സാമ്പത്തികമായി സഹായിച്ചും ക്രിസ്തുവിനെ ജീവിക്കാനും സാക്ഷ്യപ്പെടുത്തുവാനും നമുക്ക് ഒന്നിച്ച് പരിശ്രമിക്കാം. "വിളവധികം വേലക്കാരോ ചുരുക്കം, ആയതിനാൽ വിളവിന്റെ നാഥനോട് വേലക്കാരെ ലഭിക്കാനായി" ലോകമാസകലമുള്ള ദൈവജനത്തോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം.

ഓഗസ്റ്റ് 15-ാംതീയതി നാം അനുസ്മരിക്കുന്ന പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തേയും സ്വാതന്ത്ര്യദിനാഘോഷങ്ങളെക്കുറിച്ചുകൂടി ഒരു വസ്തുത സൂചിപ്പിച്ചുകൊള്ളട്ടെ. ദൈവവിളിയെ കുറിച്ചു ചിന്തിക്കുമ്പോൾ മാനവസമൂഹത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിത്വമാണല്ലോ മാതാവിന്റേത്. ദൈവത്തിൽ നിന്നും തനിക്കു കിട്ടിയ വിളിയോടു പരിപൂർണ്ണമായി സഹകരിച്ച മറിയത്തിനു ദൈവം നൽകിയ സമ്മാനമായിട്ടാണു മഹത്വപൂർണ്ണമായ മാതാവിന്റെ സ്വർഗ്ഗാരോപണം എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കുക. പരിശുദ്ധ കന്യകാമറിയത്തെ നമ്മുടെ ജീവിത മാതൃകയാക്കുന്നതോടൊപ്പം മാതാവിന്റെ സ്വർഗ്ഗാരോപണദിവസം തന്നെയുള്ള നമ്മുടെ സ്വാതന്ത്ര്യദിനാഘോഷങ്ങളും ദൈവികദാനങ്ങളോടു സഹകരിക്കാൻ നമ്മുക്കു പ്രചോദനം നൽകട്ടെ. ഈ പ്രക്രിയയിൽ ദൈവത്തോടു സഹകരിച്ചുകൊണ്ടുള്ള നേതൃത്വം നൽകാൻ നമ്മുടെ ഭരണാധികാരികളെ ദൈവം സഹായിക്കട്ടെ.

മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റേയും സ്വാതന്ത്ര്യദിനാഘോഷങ്ങളുടേയും നന്മയും സന്തോഷവും എല്ലാവർക്കും നേരുന്നു. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

മിശിഹായിൽ സസ്നേഹം,

+A Kariyil

**മാർ ആന്റണി കരിയിൽ**

**ഈ ഇടയലേഖനം ആഗസ്റ്റ് 14-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.**